# തേൻ കെണികൾ

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു,* ***D.Sc.,Ph.D.****)*

ഇന്നലെ ഒതേനൻ
ജെയിംസ് ബോണ്ടിനെ
സ്വപ്നം കണ്ടു –
കാലപ്പൊരുത്തമില്ലാത്ത
ചരിത്രം കറങ്ങുന്ന
വെള്ളക്കറുപ്പു ജാലവിദ്യകൾക്ക്
സ്വപ്നചരിതത്തിൽ എന്തു പ്രസക്തി!

അഞ്ജനക്കണ്ണെഴുതി
ആലിലത്താലി ചാർത്തിയപ്പോൾ
ഒതേനന്റെ കണ്ണുകൾ
അടിവയറിലെ
ആലില മറുകിലായിരുന്നു.
കപട വയറ്റുവേദനയിൽ
കടവയറു ത്രസിച്ചപ്പോൾ
ഒതേനൻ
കണ്ണുസാധകത്തിൽ
കുടവയറുഴിഞ്ഞു!

അപ്പോൾ ജെയിംസ്ബോണ്ട്
ഹോട്ടൽ മുറിയിലെ
അരണ്ട വെളിച്ചത്തിൽ
ഹണിട്രാപ്പിൽ നിന്ന്
ഹോർമോൺ ഊറുന്ന
ആന്ത്രവായു മുറ്റിയ
വിഷാംശം നുണഞ്ഞു.

പുനർചിന്തനത്തിന്റെ

വിഷമവൃത്തത്തിൽ കറങ്ങിയ
ഒതേനനോട് ബോണ്ടു പറഞ്ഞു:
“ഇനി വഞ്ചിയിൽ കയറുമ്പോൾ
പുലർകാലെ
ഗൃഹപാഠം ചെയ്യുക -
എല്ലാവർക്കും എല്ലായ്പോഴും
പഴയനിയമത്തിലെ
ഫറവോന്റെ
സർപ്പപത്തി തകർത്ത
ജോസഫാകാൻ കഴിയില്ലല്ലൊ!”
*********************************************